
Sunday
Vol. 14 No. 07 CYCLE - C



# വെർബും ദോമിനി
# VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജനുവരി 05

## പ്രത്യക്ഷീകരണത്തിരുനാൾ

## രക്ഷകന്റെ നക്ഷത്രം

ഡോ. മാർട്ടിൻ N ആന്റണി O. de M



"ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു " (v.2).

നക്ഷത്രം - എല്ലാ തലമുറകളുടെയും ഭാവനയെ ഉത്തേജിപ്പിക്കുന്ന പ്രതീകം. വാനനിരീക്ഷകരും സാഹിത്യകാരന്മാരും ചേർന്ന് ഒത്തിരി വിഭിന്നമായ പരികല്പനകൾ നൽകിയിട്ടുള്ള കൈയെത്താദൂരത്തെ ഒരു യാഥാർത്ഥ്യം. എത്തിപ്പെടാൻ സാധിക്കാത്ത ഒരു ബിംബമായി അത് നമ്മുടെ തലയ്ക്കു മുകളിൽ തെളിഞ്ഞു തന്നെ നിൽക്കുന്നു. അകന്നു നീങ്ങുന്ന ഒരു മരീചിക പോലെ അത് കിഴക്കുനിന്നും ജ്ഞാനികളെ ബേത്‌ലെഹെമിലെ ഒരു പുൽക്കൂട്ടിലേക്ക് ആനയിക്കുന്നു. അതെ, നക്ഷത്രം എത്തിപ്പെടാനുള്ള ഒരിടമല്ല, നമ്മുടെ സഞ്ചാരത്തിന്റെ മാർഗദർശിയാണ്. നക്ഷത്രം വഴികാട്ടി മാത്രമാണ്; അതിനെ പ്രകാശിപ്പിക്കുന്ന സൂര്യനിലേക്കുള്ള വഴികാട്ടി.

"രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജെറുസലേം മുഴുവനും " (v.3). ദൈവീക ചോദന ചില അധികാര ശക്തിയുമായി കൂട്ടിമുട്ടുമ്പോൾ ആ ശക്തിയുടെ വീര്യം ചോരുകയെന്നത് സർവ്വസാധാരണമാണ്. ഹെറോദേസിന്റെ പേക്കിനാവ് യാഥാർത്ഥ്യത്തെ കണ്ടുമുട്ടുന്നു; യഹൂദർക്ക് ഒരു രാജാവ് ജനിച്ചിരിക്കുന്നു. ആ യാഥാർത്ഥ്യത്തെ ഇല്ലാതാക്കാൻ അവൻ പല മാർഗ്ഗങ്ങളും അന്വേഷിക്കുന്നു. അങ്ങനെ അവൻ ചരിത്രത്തിലും, പാരമ്പര്യത്തിലും, മതത്തിലും അഭയം തേടുന്നു. അധികാരം അതിന്റെ ശക്തിയെ പിന്താങ്ങാൻ മറ്റു ശക്തികളെ ആശ്രയിക്കും. അങ്ങനെയാണ് രാജാവ് പ്രധാന പുരോഹിതരെയും നിയമജ്ഞരെയും വിളിച്ചു കൂട്ടിയത്. എന്നിട്ട് ജ്ഞാനികളോട് പറയുന്നു; സൂക്ഷ്മമായി കാര്യങ്ങൾ അന്വേഷിക്കുക.

ഒരു കുഞ്ഞിന്റെ ജനനത്തിൽ അധികാരത്തിന്റെ ഇടനാഴിയിൽ ആരൊക്കെയോ അസ്വസ്ഥരാകുന്നുണ്ട്. ചരിത്രത്തിന്റെയും മതഗ്രന്ഥത്തിന്റെയും യഥാർത്ഥ മാനം അവർ തിരിച്ചറിഞ്ഞിരിക്കുന്നു, എന്നിട്ടും പുൽക്കൂട്ടിലെ കുഞ്ഞിനെ അന്വേഷിച്ച് ഇറങ്ങിത്തിരിക്കാൻ അവർക്ക് മനസ്സുവരുന്നില്ല. മത - രാഷ്ട്രീയ - സാംസ്കാരിക - സാമ്പത്തിക ശക്തികൾ സ്വന്തം നിലനിൽപ്പിനും അധികാരത്തിനും വേണ്ടിയുള്ള നെട്ടോട്ടത്തിലാണ്. അവർക്കുള്ളത് പ്രത്യാശയില്ലാത്ത ഉറപ്പുകൾ മാത്രമാണ്. സൂക്ഷിക്കണം അവരെ, അവർ നിങ്ങളിൽ നിന്നും പലതും മറക്കുന്നതിനോടൊപ്പം നക്ഷത്രത്തെയും മറച്ചു നിർത്തും.

"കിഴക്കുകണ്ട നക്ഷത്രം അവർക്കു മുമ്പേ നീങ്ങിക്കൊണ്ടിരുന്നു" (v.9). രാജകൊട്ടാരവും അവിടത്തെ പരിവാരവുമൊന്നും ജ്ഞാനികൾക്ക് ഒരു പ്രലോഭനമായില്ല. സിംഹാസനത്തിന്റെയും അധികാരത്തിന്റെയും മുമ്പിൽ നക്ഷത്രം പകർന്നു നൽകിയ ചലനാത്മകത അവർക്ക് നഷ്ടപ്പെടുന്നില്ല. കിഴക്കുദേശത്തുനിന്നും ജെറുസലേം വരെ അവരെ നടത്തിയ അവരുടെ സ്വപ്നം അവർ ഉപേക്ഷിച്ചില്ല. അവർ വീണ്ടും നടക്കുന്നു. പ്രലോഭനങ്ങളിൽ വീഴാത്തവരുടെ മുമ്പിൽ നക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെടും. അത് അവർക്ക് മുമ്പേ നീങ്ങുകയും ചെയ്യും. സ്വപ്നം ദൈവികമാണെങ്കിൽ അതിന് ഒരിടത്തും തങ്ങിനിൽക്കാനാകില്ല. അത് നിങ്ങളെ ലക്ഷ്യത്തിലേക്ക് വേഗത്തിൽ തള്ളിക്കൊണ്ട് പോകും.

"അവർ ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു " (v.11). നക്ഷത്രത്തിന്റെ തെളിച്ചവും ജ്ഞാനികളുടെ സ്വപ്നവും വന്നുചേരുന്നത് പച്ചയായ ഒരു മനുഷ്യന്റെ മുമ്പിലാണ്. അല്ല, ഒരു കൈക്കുഞ്ഞിന്റെ മുമ്പിൽ. യാത്രയുടെ അവസാനമല്ല ഇത്. ഇനിയും ജീവിക്കേണ്ട ഒരു കഥയാണ്. ഇനിയും താണ്ടേണ്ട ഒരു ചക്രവാളമാണ്. ജറുസലേമിനു നേർവിപരീതമാണ് ബേത്‌ലെഹെം. അധികാരത്തിന്റെയും ആർഭാടത്തിന്റെയും ചരിത്രം അതിനില്ല. യൂദായായിലെ നഗരങ്ങളിൽ ഏറ്റവും താഴെയായ നഗരം. ആ ദരിദ്ര നഗരത്തിൽ അമ്മയുടെ കരം പിടിച്ചിരിക്കുന്ന ഒരു കുഞ്ഞിനെ ജ്ഞാനികൾ ആരാധിക്കുന്നു. ഇവിടെ തുടങ്ങുന്നു എല്ലാ നാവും വാഴ്ത്തുവാനിരിക്കുന്നവന്റെ ചരിത്രവും ജീവിതവും.

"പൊന്നും കുന്തുരുക്കവും മീറയും അവർ കാഴ്ചയർപ്പിച്ചു" (v.12). കൈക്കുഞ്ഞിനു സമ്മാനമായി സംസ്കാരചടങ്ങിനുള്ള സാമഗ്രികൾ. മരണത്തിന്റെ മണമുള്ള സമ്മാനങ്ങൾ. പുൽക്കൂട്ടിൽ നിന്നും കുരിശിലേക്കുള്ള ദൂരം അത്ര വിദൂരമല്ല. അതെ, സുവിശേഷകന് പറയാനുള്ളത് കുരിശിന്റെ കഥ തന്നെയാണ്. അത്ഭുത ശിശുവിന്റെ വാഴ്ത്തുപാട്ടല്ല സുവിശേഷം, അത് കുരിശുമരണത്തിന്റെയും, ഉത്ഥാനത്തിന്റെയും ചരിത്രമാണ്. ആ രക്ഷാകര ചരിത്രത്തിലേക്കാണ് സുവിശേഷത്തിലെ ഓരോ ചെറിയ വാക്കും നമ്മെ നയിക്കുന്നത്. പുൽക്കൂട്ടിലെ അത്ഭുതം മാത്രമല്ല യേശു, കാൽവരിയിലെ അനുഭവം കൂടിയാണ്.

**ആമുഖം** പ്രിയമുള്ളവരെ, തിരുസഭ ഇന്ന് പ്രത്യക്ഷീകരണത്തിരുനാൾ ആഘോഷിക്കുകയാണ്. കിഴക്കുകണ്ട നക്ഷത്രത്തെ അനുഗമിച്ചുകൊണ്ട് ഇസ്രായേലിന്റെ രാജാവായി ജനിച്ചവനെ അന്വേഷിച്ചിറങ്ങിയ മൂന്ന് ജ്ഞാനികളെയാണ് നാം ഇന്ന് സുവിശേഷത്തിൽ കണ്ടുമുട്ടുക. യഥാർത്ഥ സത്യത്തെയും, സത്യദൈവത്തെയും അന്വേഷിച്ചിറങ്ങിയവരാണ് മെൽക്കിയോർ, കാസ്പർ, ബാൽത്തസാർ എന്നീ ജ്ഞാനികൾ. എന്നാൽ ഹേറോദേസ് എന്ന അസത്യത്തെയും, അധികാര മോഹിയെയും കണ്ടുമുട്ടിയപ്പോൾ, ക്രിസ്തുവാകുന്ന വെളിച്ചം അല്പ നേരത്തേയ്ക്ക് അപ്രത്യക്ഷമാകുന്നു. നമ്മുടെയൊക്കെ ജീവിത യാത്രയിലും വഴിമുടക്കികളായി ഇത്തരം ഹേറോദേസ് ചിന്താഗതിക്കാർ പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ യാത്ര അവിടെ അവസാനിപ്പിക്കാതെ, തൊട്ടപ്പുറത്ത് കാത്തിരിക്കുന്ന സത്യദൈവമാകുന്ന പ്രകാശത്തെ സ്വന്തമാക്കാൻ നാം പരിശ്രമിച്ചാൽ തീർച്ചയായും വഴികാട്ടിയായി നക്ഷത്രം നമുക്ക് മുമ്പേ ഉണ്ടാകും. അങ്ങനെ ലക്ഷ്യസ്ഥാനത്ത് നമുക്കും എത്തിച്ചേരാൻ സാധിക്കും. ഈ ഒരു പ്രാർത്ഥനയോടെ ബലിയർപ്പണത്തിനായി നമ്മെ തന്നെ ഒരുക്കാം.

## ഒന്നാം വായന

### ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (60 : 1-6)

*(കർത്താവിന്റെ മഹത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു.)*

ജെറുസലേമേ, ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജനതകളെയും മൂടും. എന്നാൽ, കർത്താവ് നിന്റെമേൽ ഉദിക്കുകയും അവിടുത്തെ മഹത്വം നിന്നിൽ ദൃശ്യമാവുകയും ചെയ്യും. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കൻമാർ നിന്റെ ഉദയശോഭയിലേക്കും വരും. കണ്ണുകളുയർത്തി ചുറ്റും നോക്കിക്കാണുക; അവർ ഒരുമിച്ചുകൂടി നിന്റെ അടുത്തേക്കു വരുന്നു. നിന്റെ പുത്രൻമാർ ദൂരെനിന്നു വരും; പുത്രിമാർ കരങ്ങളിൽ സംവഹിക്കപ്പെടും. ഇതെല്ലാം ദർശിച്ചു നീ തേജസ്വിനിയാകും. സമുദ്രത്തിലെ സമ്പത്ത് നിന്റെ അടുക്കൽ കൊണ്ടുവരുകയും ജനതകളുടെ ധനം നിനക്കു ലഭിക്കുകയും ചെയ്യുമ്പോൾ നിന്റെ ഹൃദയം ആനന്ദപുളകിതമാകും. ഒട്ടകങ്ങളുടെ ഒരു പറ്റം, മിദിയാനിലെയും ഏഫായിലെയും ഒട്ടകക്കുറ്റൻമാരുടെ കൂട്ടം, നിന്നെ മറയ്ക്കും. ഷേബായിൽനിന്നുള്ളവരും വരും. അവർ സ്വർണവും സുഗന്ധദ്രവ്യങ്ങളും കൊണ്ടുവരുകയും കർത്താവിന്റെ കീർത്തനം ആലപിക്കുകയും ചെയ്യും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

**(72: 1-2, 7-8, 10-11, 12-13)**

**എല്ലാ രാജാക്കൻമാരും അവന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിക്കട്ടെ! എല്ലാ ജനതകളും അവനെ സേവിക്കട്ടെ.**

ദൈവമേ, രാജാവിന് അങ്ങയുടെ നീതിബോധവും രാജകുമാരന് അങ്ങയുടെ ധർമനിഷ്ഠയും നൽകണമേ! അവൻ അങ്ങയുടെ ജനത്തെ ധർമനിഷ്ഠയോടും അങ്ങയുടെ ദരിദ്രരെ നീതിയോടുംകൂടെ ഭരിക്കട്ടെ!

**എല്ലാ രാജാക്കൻമാരും ......**

അവന്റെ കാലത്തു നീതി തഴച്ചുവളരട്ടെ! ചന്ദ്രനുള്ളിടത്തോളംകാലം സമാധാനം പുലരട്ടെ! സമുദ്രം മുതൽ സമുദ്രംവരെയും നദിമുതൽ ഭൂമിയുടെ അതിർത്തികൾ വരെയും അവന്റെ ആധിപത്യം നിലനിൽക്കട്ടെ!

**എല്ലാ രാജാക്കൻമാരും ......**

താർഷീഷിലെയും ദ്വീപുകളിലെയും രാജാക്കൻമാർ അവനു കപ്പം കൊടുക്കട്ടെ! ഷേബായിലെയും സേബായിലെയും രാജാക്കൻമാർ അവനു കാഴ്ചകൾ കൊണ്ടുവരട്ടെ! എല്ലാ രാജാക്കൻമാരും അവന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിക്കട്ടെ! എല്ലാ ജനതകളും അവനെ സേവിക്കട്ടെ!

**എല്ലാ രാജാക്കൻമാരും ......**

നിലവിളിക്കുന്ന പാവപ്പെട്ടവനെയും നിസ്സഹായനായ ദരിദ്രനെയും അവൻ മോചിപ്പിക്കും. ദുർബലനോടും പാവപ്പെട്ടവനോടും അവൻ കരുണ കാണിക്കുന്നു; അഗതികളുടെ ജീവൻ അവൻ രക്ഷിക്കും.

**എല്ലാ രാജാക്കൻമാരും ......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (3 : 2-3a, 5-6)

*(വിജാതീയർ വാഗ്ദാനത്തിൽ ഭാഗഭാക്കുകളുമാണെന്ന് ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു)*

സഹോദരരേ, പൗലോസായ ഞാൻ, നിങ്ങൾക്കുവേണ്ടി ദൈവകൃപ കൈകാര്യം ചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കയാണെന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാൻ മുമ്പ് ചുരുക്കമായി നിങ്ങൾക്ക് എഴുതിയിട്ടുള്ളതുപോലെ, വെളിപാടുവഴിയാണ് രഹസ്യം എനിക്ക് അറിവായത്. ഇപ്പോൾ അവിടുത്തെ വിശുദ്ധരായ അപ്പസ്തോലന്മാർക്കും പ്രവാചകർക്കും പരിശുദ്ധാത്മാവിനാൽ വെളിവാക്കപ്പെട്ടതുപോലെ, മറ്റു തലമുറകളിലെ മനുഷ്യർക്ക് ഇതു വെളിവാക്കപ്പെട്ടിരുന്നില്ല. ഈ വെളിപാടനുസരിച്ച് വിജാതീയർ കൂട്ടവകാശികളും ഒരേ ശരീരത്തിന്റെ അംഗങ്ങളും സുവിശേഷത്തിലൂടെ യേശുക്രിസ്തുവിൽ വാഗ്ദാനത്തിന്റെ ഭാഗഭാക്കുകളുമാണ്.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Mt. 2 : 2b) ഞങ്ങൾ കിഴക്ക് അവന്റെ

നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ് - അല്ലേലൂയാ!

## സുവിശേഷം

### മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (2 : 1-12)

*(കിഴക്കിൽനിന്ന് രാജാവിനെ ആരാധിക്കുവാൻ ഞങ്ങൾ വന്നിരിക്കുന്നു)*

ഹേറോദേസ് രാജാവിൻെറ കാലത്ത് യൂദയായിലെ ബേത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തുനിന്നു ജ്ഞാനികൾ ജറുസലെമിലെത്തി. അവർ അന്വേഷിച്ചു: എവിടെയാണ് യഹൂദൻമാരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് അവൻെറ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്. ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലെം മുഴുവനും. അവൻ പ്രധാനപുരോഹിതൻമാരെയും ജനത്തിൻെറയിടയിലെ നിയമജ്ഞരെയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്നു ചോദിച്ചു. അവർ പറഞ്ഞു: യൂദയായിലെ ബേത്‌ലെഹെമിൽ. പ്രവാചകൻ എഴുതിയിരിക്കുന്നു: യൂദയായിലെ ബേത്‌ലെഹെമേ, നീ യൂദയായിലെ പ്രമുഖ നഗരങ്ങളിൽ ഒട്ടും താഴെയല്ല; എൻെറ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നാണ് ഉദ്ഭവിക്കുക. അപ്പോൾ ഹേറോദേസ് ആ ജ്ഞാനികളെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു സൂക്ഷ്മമായി ആകാംക്ഷയോടെ അന്വേഷിച്ചറിഞ്ഞു. അവൻ അവരെ ബേത്‌ലെഹെമിലേക്ക് അയച്ചുകൊണ്ടു പറഞ്ഞു: പോയി ശിശുവിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോൾ ഞാനും ചെന്ന് ആരാധിക്കേണ്ടതിന് എന്നെയും അറിയിക്കുക. രാജാവു പറഞ്ഞതുകേട്ടിട്ട് അവർ പുറപ്പെട്ടു. കിഴക്കുകണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിന്നു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു. അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു. ഹേറോദേസിൻെറ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച് അവർ മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരേ, പ്രത്യക്ഷീകരണത്തിരുനാൾ ആഘോഷിക്കുന്ന നമുക്ക്, പരമ പിതാവിന്റെ മുമ്പിൽ നമ്മെ തന്നെ കാഴ്ചയായി സമർപ്പിച്ച് അവിടുത്തെ അനുഗ്രഹങ്ങൾക്കായി യാചിക്കാം.

1. രാജാധിരാജനായ ദൈവമേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും അനുഗ്രഹിക്കണമെ. കിഴക്കുകണ്ട നക്ഷത്രം ജ്ഞാനികൾക്ക് വഴികാട്ടിയായതുപോലെ ഏറെ പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന അജഗണത്തിന് വഴികാട്ടികളായി അവർക്ക് മുൻപേ നീങ്ങാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ പിതാവേ, ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ അവതരിച്ച ഉണ്ണിയേശുവിന് പൊന്നും, മീറയും, കുന്തുരുക്കവും കാഴ്ചയായർപ്പിച്ച ജ്ഞാനികൾ അങ്ങ് മാത്രമാണ് യഥാർത്ഥ പ്രവാചകനും, പുരോഹിതനും, രാജാവുമെന്ന് പ്രഖ്യാപിച്ചതുപോലെ, അങ്ങ് ഞങ്ങൾക്ക് ദാനമായി നൽകിയതെല്ലാം അവിടുത്തെ തൃപ്പാദത്തിങ്കൽ സമർപ്പിച്ച് ജീവിത സായൂജ്യം പ്രാപിക്കുവാനും, കപടതയുടെ മുഖംമൂടികളില്ലാതെ സത്യദൈവത്തിന്റെ വിശ്വസ്ത സാക്ഷികളായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ജ്ഞാനികൾക്ക് വഴികാട്ടിയായി നക്ഷത്രത്തെ നിയോഗിച്ച നല്ല ദൈവമേ, ഞങ്ങളുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും, വിദ്യാർത്ഥികളെയും സമർപ്പിക്കുന്നു. അറിവിന്റെയും വെളിച്ചത്തിന്റെയും പാതയിലൂടെ നീങ്ങുന്ന മക്കളെ വഴിതെറ്റിക്കുവാൻ സ്നേഹത്തിന്റെ മുഖംമൂടിയണിഞ്ഞുകൊണ്ടെത്തുന്ന ഹേറോദേസുമാരുടെ കപട സ്നേഹത്തെ തിരിച്ചറിഞ്ഞ്, അത്തരം ചതിക്കുഴികളിൽ വീഴാതിരിക്കുവാനുള്ള വിവേകവും വിജ്ഞാനവും ഓരോ മക്കൾക്കും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. അപകടം മുൻകൂട്ടിക്കണ്ട് മറ്റൊരു വഴിയേ ജ്ഞാനികളെ തിരിച്ചയച്ച നല്ല ദൈവമേ, എല്ലാ യുവതീയുവാക്കളെയും അങ്ങെ സുരക്ഷിത കരങ്ങളാൽ കാത്തു സംരക്ഷിക്കണമെ. അവരുടെ ജീവിതയാത്രകളിൽ പതിയിരിക്കുന്ന അപകടങ്ങളെയെല്ലാം തുറന്നു കാട്ടുവാൻ അവർക്ക് മുൻപിൽ അങ്ങുണ്ടാകണമെന്നും, നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് നന്മയുടെ ഉറവിടമായ അങ്ങയിൽ ശരണം പ്രാപിക്കുവാൻ എല്ലാ യുവജനങ്ങളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെ ഉറവിടമായ നല്ല ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ് അങ്ങ് വാഗ്ദാനം ചെയ്ത നിത്യസമ്മാനം സ്വന്തമാക്കുവാൻ അങ്ങെ സവിധത്തിലായിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ പാപകടങ്ങൾ പൊറുക്കണമെ. അവർ അറിഞ്ഞോ, അറിയാതെയോ വന്നുപോയ വീഴ്ചകളെല്ലാം പൊറുത്ത്, ജീവന്റെ കിരീടം നൽകി സകല സ്വർഗ്ഗവാസികൾക്കുമൊപ്പം അങ്ങെ തിരുമുഖം ദർശിക്കുവാനുള്ള ഭാഗ്യമരുളണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ദിവ്യനക്ഷത്രത്തിന്റെ പാത പിന്തുടർന്ന്, പുൽക്കൂട്ടിൽ ഉണ്ണിയേശുവിനെ കണ്ടെത്തിയ ജ്ഞാനികളെപ്പോലെ, അങ്ങയെ അന്വേഷിച്ച് കണ്ടെത്തുവാൻ ഞങ്ങളെയും അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ........

തയ്യാറാക്കിയത് : സി. ബേബി ലിയോൺ S. H. E.

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

എഴുന്നേറ്റു പ്രകാശിക്ക
നിന്റെ പ്രകാശം വന്നിരിക്കുന്നു
യഹോവയുടെ തേജസ്സും
നിന്റെ മേലുദിച്ചിരിക്കുന്നു (എഴുന്നേറ്റ് .....)

കൂരിരുൾ തിങ്ങിയ വീഥിയതിൽ
വഴി കാണാതുഴലുന്ന പഥികനു നീ (2)
വഴി കാട്ടും ദീപമായ് എരിഞ്ഞിടുക
പ്രകാശ ഗോപുരമായ് നിന്നീടുക (എഴുന്നേറ്റ് .....)

ഇരുളിന്റെ പാശങ്ങളറുത്തു നീ
മോചനമതേകുകീ ബന്ധിതർക്ക് (2)
മാനവ ചേതന പുൽകിയുണർത്തൂ
മാനസ്സമതീശന് മന്ദിരമാക്കാൻ (എഴുന്നേറ്റ് .....)

## കാഴ്ചവയ്പ് ഗാനം

പൊന്നു മീറ കുന്തിരിക്കം
കാഴ്ച്ച വെയ്ക്കാം നിൻ സന്നിധിയിൽ
ആരോമലേ അമലസുതനെ
ആരാരിരോ.... ആരാരിരേ..... (പൊന്നു......)

കുളിരു പെയ്യുമീ രാവിൽ വാനിൽ
തെളിയുന്നു ദിവ്യതാരകം (2)
അരുളിടുന്നു അവിടുത്തെ
പിറവി തൻ ദിവ്യ സന്ദേശം (2) (പൊന്നു......)

അറിയുന്നു നിന്നെ ഞങ്ങൾ നാഥാ
അർപ്പിച്ചിടുന്നങ്ങേക്കാരാധനാ (2)
അവികല ശാന്തി നിറയുമീ തൊഴുത്തിൽ
ആനന്ദം നിറയുമീ രാവിൽ (2) (പൊന്നു......)

## ദിവ്യകാരുണ്യ ഗാനം

ദൂരെ നിന്നും ദൂരെ ദൂരെ നിന്നും
മരുഭൂവിൻ വഴികളിലൂടെ
ഒരു കാലിത്തൊഴുത്തു തേടി
മൂന്നു രാജാക്കൻമാരെത്തി (2)
വാനം തെളിഞ്ഞു നിന്നു
ദിവ്യതാരം തിളങ്ങി നിന്നു (2)
മാലാഖമാരവർ വാനവീഥികളിൽ
സ്തുതിഗീതങ്ങൾ പാടി (2) (ദൂരെ.....)

മഞ്ഞിൻ തുള്ളികൾ തഴുകിയുറങ്ങും
ബെദ്‌ലഹേമിൻ വഴികളിലൂടെ (2)
ഒരു പുൽകുടിൽ തേടി, ദേവ സുതനെ തേടി
ഇടയൻമാരുമണഞ്ഞല്ലോ
അവർ കാലിത്തൊഴുത്തു കണ്ടു
അവർ സ്വർഗ്ഗീയ ഗാനം കേട്ടു (2)
മരിയാ സുതനായ് പുൽക്കൂട്ടിൽ മരുവും
മിശിഹാനാഥനെ കണ്ടു (2) (ദൂരെ.....)

വെള്ളിനിലാവിൻ കുളിരലയിൽ
നീരാടിയെത്തിയ രാക്കുയിലുകൾ (2)
നവ സ്വരമഞ്ജരിയിൽ, ഒരു മനസ്സോടെ
നാഥനെ വാഴ്ത്തി പാടുന്നു
വാനം തെളിഞ്ഞു നിന്നു
ദിവ്യ താരം തിളങ്ങി നിന്നു (2)
മാലാഖമാരവർ വാനവീഥികളിൽ
സ്തുതിഗീതങ്ങൾ പാടി (2) (ദൂരെ.....)

| Jan | വിശുദ്ധർ | വായനകൾ |
|---|---|---|
| 06 Mon | St. Andre Bessette | 1 Jn 3: 22 -- 4: 6/ Ps 2: 7-8. 10-11/ Mt 4: 12-17. 23-25 |
| 07 Tue | St. Raymond of Pennafort | 1 Jn 4: 7-10/ Ps 72: 1-2. 3-4ab. 7-8/ Mk 6: 34-44 |
| 08 Wed | St. Thorfinn | 1 Jn 4: 11-18/ Ps 72: 1-2. 10-11. 12-13/ Mk 6: 45-52 |
| 09 Thu | St. Adrian, Abbot | 1 Jn 4: 19 -- 5: 4/ Ps 72: 1-2. 14 and 15bc. 17/ Mk 4: 14-33a |
| 10 Fri | St. William of Bourges | 1 Jn 5: 5-13/ Ps 147: 12-13. 14-15. 19-20/ Lk 5: 12-16 |
| 11 Sat | St. Theodosius the | 1 Jn 5: 14-21/ Ps 149: 1-2. 3-4. 5 and 6a and 9b/ Jn 3: 22-30 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.